# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. **2645** 06/11/2019-ൽ മറുപടിയ്ക്ക്

## പട്ടികവർഗ്ഗക്കാർക്കുള്ള ചികിത്സാ ധനസഹായം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. എം. സ്വരാജ് :** | | **എ.കെ.ബാലൻ**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗക്കാരുടെ ചികിത്സക്കായി എത്ര തുക ധന സഹായമായി അനുവദിച്ചുവെന്ന് അറിയിക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സമഗ്ര ആരോഗ്യ പദ്ധതി പ്രകാരം **88.24** കോടി രൂപ ചിലവഴിച്ചിട്ടുണ്ട്. ഇതിൽ പട്ടികവർഗ്ഗ വികസന വകുപ്പ്മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള **9,54,87,109/-**രൂപ (ഒൻപത്കോടി അൻപത്തിനാല് ലക്ഷത്തി എൺപത്തി ഏഴായിരത്തി ഒരുന്നൂറ്റി ഒൻപത് രൂപ)-യും ഉൾപ്പെടുന്നു. |
| (ബി) | ഇവരുടെ ചികിത്സാസഹായം പെട്ടെന്ന് ലഭ്യമാക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കുമോ ? | (ബി) | ധനസഹായം അനുവദിച്ച് ഉത്തരവായിട്ടുള്ള ഗുണഭോക്താക്കൾ ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ്, ഐ.എഫ്.എസ്.സി. നമ്പർ, മൊബൈൽ നമ്പർ എന്നിവയും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ടി ആവശ്യത്തിന് ധനസഹായം ലഭിച്ചിട്ടില്ലെന്നുമുള്ള സാക്ഷ്യപത്രവും ഹാജരാക്കുന്ന മുറയ്ക്ക് അനുവദിക്കപ്പെട്ട തുക കാലതാമസം കൂടാതെ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നിക്ഷേപിക്കുകയാണ് ചെയ്യുന്നത്.<br><br>വകുപ്പ്മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ചികിത്സാ ധനസഹായം ഓൺലൈനായി നൽകുന്ന 'ടി-ഗ്രാന്റ്സ്' സംവിധാനം പട്ടികവർഗ വികസന വകുപ്പിന്റെ ആവശ്യങ്ങൾക്കനുസൃതമായി ഭേദഗതി വരുത്തി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ